പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. എല്ലാ കൺട്രോൾ റൂമിന്റെയും ഫോൺ നമ്പറുകൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചു. ദുരിത ബാധിതരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനും ഇവർക്ക് ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനും തഹസീൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പകർച്ചവ്യാധികൾ തടയുന്നതിനും എടുക്കേണ്ട മുൻകരുതലിനും ബോധവൽക്കരണ ക്യാമ്പുകളും പാരാമെഡിക്കൽ സ്റ്റാഫും ആംബുലൻസും അടങ്ങുന്ന മൊബൈൽ ടീമിനെ സജ്ജമാക്കി നിർത്തുവാൻ ജില്ലകളിലെ ആയുർവേദം, ഹോമിയോ, അലോപ്പതി എന്നീ വിഭാഗങ്ങളിലെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ സപ്ലൈ ഓഫീസർ, പട്ടികവർഗ്ഗ വികസന ഓഫീസർ, പോലീസ്, ഫയർ സർവ്വീസ് എന്നിവർക്ക് അതാത് വകുപ്പുമായി ബന്ധപ്പെട്ട് വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വെള്ളപ്പൊക്കക്കെടുതിക്കിരയായവർക്ക് ഒരാഴ്ചത്തെ സൗജന്യറേഷൻ വിതരണം ചെയ്യുന്നതാണ്.

(സി) മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രകൃതിക്ഷോഭ ഭീഷണിയുള്ള സ്ഥലങ്ങൾ പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കിയിട്ടുണ്ട്.

പ്രകൃതിക്ഷോഭംമൂലം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച തുക

5 (1315) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിന്റെ ഫലമായി ഗതാഗതയോഗ്യമല്ലാതായ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 2002-2003 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ എത്ര രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചു എന്ന് വെളിപ്പെടുത്താമോ ;

(സി) 2002-2003 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 340.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിവിധ പഞ്ചായത്തുകളിലായി 64 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 3,93,63,064 രൂപ.

LIBRARY ARCHIVES Kerala Legislative Assembly